Passed on 18-11-2019

# 2019-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (2-ാം നമ്പർ) ബിൽ

(നിയമസഭ പാസ്സാക്കിയ പ്രകാരമുള്ളത്)

## 1986-ലെ കൊച്ചി ശാസ്ത്ര-സാങ്കേതിക ശാസ്ത്ര സർവ്വകലാശാല ആക്റ്റും 2013-ലെ തുഞ്ചത്ത് എഴുത്തച്ഛൻ മലയാള സർവ്വകലാശാല ആക്റ്റും 2015-ലെ എ. പി. ജെ. അബ്ദുൾ കലാം സാങ്കേതികശാസ്ത്ര സർവ്വകലാശാല ആക്റ്റും വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—1986-ലെ കൊച്ചി ശാസ്ത്ര-സാങ്കേതിക ശാസ്ത്ര സർവ്വകലാശാല ആക്റ്റും (1986-ലെ 31) 2013-ലെ തുഞ്ചത്ത് എഴുത്തച്ഛൻ മലയാള സർവ്വകലാശാല ആക്റ്റും (2013-ലെ 24) 2015-ലെ എ. പി. ജെ. അബ്ദുൾ കലാം സാങ്കേതികശാസ്ത്ര സർവ്വകലാശാല ആക്റ്റും (2015-ലെ 17) താഴെപ്പറയുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ എഴുപതാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2019-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (2-ാം നമ്പർ) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് 2019 മാർച്ച് 6-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

2. 1986-ലെ 31-ാം ആക്റ്റിനുള്ള ഭേദഗതി.—1986-ലെ കൊച്ചി ശാസ്ത്ര-സാങ്കേതിക ശാസ്ത്ര സർവ്വകലാശാല ആക്റ്റിൽ (1986-ലെ 31),—

(എ) 10-ാം വകുപ്പിൽ, (iii)-ാം ഇനത്തിന് ശേഷം താഴെപ്പറയുന്ന ഇനം ചേർക്കേണ്ടതാണ്, അതായത് :—

"(iii എ) പരീക്ഷാ കൺട്രോളർ;";

(ബി) 13-ാം വകുപ്പിൽ, (1)-ാം ഉപവകുപ്പിന് പകരം താഴെപ്പറയുന്ന ഉപവകുപ്പുകൾ ചേർക്കേണ്ടതാണ്, അതായത് :—

"(1) സിൻഡിക്കേറ്റ് സർക്കാരിന് നൽകുന്ന രണ്ട് ആളുകളുടെ പേരുകൾ ഉൾക്കൊള്ളുന്ന ഒരു പാനലിൽ നിന്ന് സർക്കാർ തിരഞ്ഞെടുക്കുന്ന ഒരാളെ

സർവ്വകലാശാലയുടെ രജിസ്ട്രാറായി, അദ്ദേഹം ഉദ്യോഗത്തിൽ പ്രവേശിക്കുന്ന തീയതി മുതൽ നാല് വർഷക്കാലയളവിലേയ്ക്കോ അദ്ദേഹത്തിന് അൻപത്തിയാറ് വയസ്സ് പൂർത്തിയാകുന്നതുവരെയോ, ഇവയിലേതാണോ ആദ്യം അതുവരെ, സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെട്ടാവുന്ന അങ്ങനെയുള്ള നിബന്ധനകളിലും വ്യവസ്ഥകളിന്മേലും സിൻഡിക്കേറ്റ് നിയമിക്കേണ്ടതാണ്.

(1 എ) രജിസ്ട്രാറായി നിയമിക്കപ്പെട്ട ഒരാളിന് (1)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾക്ക് വിധേയമായി, ഒരു അധിക കാലയളവിലേയ്ക്ക് പുനർനിയമനത്തിന് അർഹതയുണ്ടായിരിക്കുന്നതാണ്.";

(സി) 13-ാം വകുപ്പിന് ശേഷം, താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത് :—

"13 എ. പരീക്ഷാ കൺട്രോളർ.—(1) സിൻഡിക്കേറ്റ് സർക്കാരിന് നൽകുന്ന, രണ്ട് ആളുകളുടെ പേരുകൾ ഉൾക്കൊള്ളുന്ന ഒരു പാനലിൽ നിന്ന് സർക്കാർ തിരഞ്ഞെടുക്കുന്ന ഒരാളെ സർവ്വകലാശാലയുടെ പരീക്ഷാ കൺട്രോളറായി, അദ്ദേഹം ഉദ്യോഗത്തിൽ പ്രവേശിക്കുന്ന തീയതി മുതൽ നാല് വർഷക്കാലയളവിലേയ്ക്കോ അദ്ദേഹത്തിന് അൻപത്തിയാറ് വയസ്സ് പൂർത്തിയാകുന്നതുവരെയോ, ഇവയിലേതാണോ ആദ്യം അതുവരെ, സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെട്ടാവുന്ന അങ്ങനെയുള്ള നിബന്ധനകളിലും വ്യവസ്ഥകളിന്മേലും സിൻഡിക്കേറ്റ് നിയമിക്കേണ്ടതാണ്.

(2) പരീക്ഷാ കൺട്രോളറായി നിയമിക്കപ്പെട്ട ഒരാളിന് (1)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾക്ക് വിധേയമായി ഒരു അധിക കാലയളവിലേയ്ക്ക് പുനർനിയമനത്തിന് അർഹതയുണ്ടായിരിക്കുന്നതാണ്.

(3) പരീക്ഷാ കൺട്രോളർ സർവ്വകലാശാലയുടെ ശമ്പളം പറ്റുന്ന മുഴുവൻ സമയ ഉദ്യോഗസ്ഥനായിരിക്കുന്നതും സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെട്ടാവുന്ന അങ്ങനെയുള്ള അധികാരങ്ങൾ വിനിയോഗിക്കേണ്ടതും അങ്ങനെയുള്ള ചുമതലകൾ നിർവ്വഹിക്കേണ്ടതുമാണ്.";

(ഡി) 14-ാം വകുപ്പിൽ, (1)-ാം ഉപവകുപ്പിന് പകരം താഴെപ്പറയുന്ന ഉപവകുപ്പുകൾ ചേർക്കേണ്ടതാണ്, അതായത് :—

"(1) സിൻഡിക്കേറ്റ് സർക്കാരിന് നൽകുന്ന രണ്ട് ആളുകളുടെ പേരുകൾ ഉൾക്കൊള്ളുന്ന ഒരു പാനലിൽ നിന്ന് സർക്കാർ തിരഞ്ഞെടുക്കുന്ന ഒരാളെ ഫൈനാൻസ്

ആഫീസറായി, അദ്ദേഹം ഉദ്യോഗത്തിൽ പ്രവേശിക്കുന്ന തീയതി മുതൽ നാല് വർഷക്കാലയളവിലേയ്ക്കോ അദ്ദേഹത്തിന് അൻപത്തിയാറ് വയസ്സ് പൂർത്തിയാകുന്നതു വരെയോ, ഇവയിലേതാണോ ആദ്യം അതുവരെ സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള നിബന്ധനകളിലും വ്യവസ്ഥകളിന്മേലും സിൻഡിക്കേറ്റ് നിയമിക്കേണ്ടതാണ്.

(1എ) ഫൈനാൻസ് ആഫീസറായി നിയമിക്കപ്പെട്ട ഒരാളിന് (1)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾക്ക് വിധേയമായി, ഒരു അധിക കാലയളവിലേയ്ക്ക് പുനർനിയമനത്തിന് അർഹതയുണ്ടായിരിക്കുന്നതാണ്.".

3. 2013-ലെ 24-ാം ആക്റ്റിനുള്ള ഭേദഗതി.—2013-ലെ തുഞ്ചത്ത് എഴുത്തച്ഛൻ മലയാള സർവ്വകലാശാല ആക്റ്റിൽ (2013-ലെ 24),—

(എ) 32-ാം വകുപ്പിൽ, (6)-ാം ഉപവകുപ്പിന് പകരം താഴെപ്പറയുന്ന ഉപവകുപ്പുകൾ ചേർക്കേണ്ടതാണ്, അതായത് :—

"(6) രജിസ്ട്രാർ, അദ്ദേഹം ഉദ്യോഗത്തിൽ പ്രവേശിക്കുന്ന തീയതി മുതൽ നാല് വർഷക്കാലയളവിലേയ്ക്കോ അൻപത്തിയാറ് വയസ്സ് പൂർത്തിയാകുന്നതുവരെയോ, ഇവയിലേതാണോ ആദ്യം അതുവരെ, നിയമിക്കേണ്ടതും നിർണ്ണയിക്കപ്പെടാവുന്ന വേതനത്തിനും മറ്റു സേവന വ്യവസ്ഥകൾക്കും അദ്ദേഹത്തിന് അർഹതയുണ്ടായിരിക്കുന്ന തുമാണ്.

(7) രജിസ്ട്രാറായി നിയമിക്കപ്പെട്ട ഒരാളിന് (6)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾക്ക് വിധേയമായി, ഒരു അധിക കാലയളവിലേയ്ക്ക് പുനർനിയമനത്തിന് അർഹതയുണ്ടായിരിക്കുന്നതാണ്.";

(ബി) 33-ാം വകുപ്പിൽ, (5)-ാം ഉപവകുപ്പിന് പകരം താഴെപ്പറയുന്ന ഉപവകുപ്പുകൾ ചേർക്കേണ്ടതാണ്, അതായത് :—

"(5) പരീക്ഷാ കൺട്രോളർ, അദ്ദേഹം ഉദ്യോഗത്തിൽ പ്രവേശിക്കുന്ന തീയതി മുതൽ നാല് വർഷക്കാലയളവിലേയ്ക്കോ അൻപത്തിയാറ് വയസ്സ് പൂർത്തിയാകുന്നതുവരെയോ, ഇവയിലേതാണോ ആദ്യം അതുവരെ, നിയമിക്കേണ്ടതും നിർണ്ണയിക്കപ്പെടാവുന്ന വേതനത്തിനും മറ്റു സേവനവ്യവസ്ഥകൾക്കും അദ്ദേഹം അർഹനായിരിക്കുന്നതുമാണ്.

(6) പരീക്ഷാ കൺട്രോളറായി നിയമിക്കപ്പെട്ട ഒരാളിന് (5)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾക്കു വിധേയമായി, ഒരു അധിക കാലയളവിലേയ്ക്ക് പുനർനിയമനത്തിന് അർഹതയുണ്ടായിരിക്കുന്നതാണ്.";

(സി) 34-ാം വകുപ്പിൽ, (1)-ാം ഉപവകുപ്പിനു പകരം താഴെപ്പറയുന്ന ഉപവകുപ്പുകൾ ചേർക്കേണ്ടതാണ്, അതായത് :—

"(1) ഫൈനാൻസ് ആഫീസർ സർവ്വകലാശാലയുടെ ഒരു മുഴുവൻ സമയ ഉദ്യോഗസ്ഥനായിരിക്കുന്നതും അദ്ദേഹം ഉദ്യോഗത്തിൽ പ്രവേശിക്കുന്ന തീയതി മുതൽ നാല് വർഷക്കാലയളവിലേയ്ക്കോ അൻപത്തിയാറ് വയസ്സ് പൂർത്തിയാകുന്നതുവരെയോ, ഇവയിലേതാണോ ആദ്യം അതുവരെ, നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള നിബന്ധനകളിലും വ്യവസ്ഥകളിന്മേലും നിയമിക്കേണ്ടതുമാണ്.

(1എ) ഫൈനാൻസ് ആഫീസറായി നിയമിക്കപ്പെട്ട ഒരാളിന് (1)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾക്ക് വിധേയമായി, ഒരു അധിക കാലയളവിലേയ്ക്ക് പുനർനിയമനത്തിന് അർഹതയുണ്ടായിരിക്കുന്നതാണ്.".

4. <u>2015-ലെ 17-ാം ആക്റ്റിനുള്ള ഭേദഗതി.</u>—2015-ലെ എ. പി. ജെ. അബ്ദുൾ കലാം സാങ്കേതികശാസ്ത്ര സർവ്വകലാശാല ആക്റ്റിൽ (2015-ലെ 17),—

(എ) 16-ാം വകുപ്പിൽ, (3)-ാം ഉപവകുപ്പിന് പകരം താഴെപ്പറയുന്ന ഉപവകുപ്പുകൾ ചേർക്കേണ്ടതാണ്, അതായത് :—

"(3) രജിസ്ട്രാർ, അദ്ദേഹം ഉദ്യോഗത്തിൽ പ്രവേശിക്കുന്ന തീയതി മുതൽ നാല് വർഷക്കാലയളവിലേയ്ക്കോ അൻപത്തിയാറ് വയസ്സ് പൂർത്തിയാകുന്നതുവരെയോ, ഇവയിലേതാണോ ആദ്യം അതുവരെ, നിയമിക്കേണ്ടതാണ്. രജിസ്ട്രാറായി തിരഞ്ഞെടുക്കപ്പെടുന്നതിന് ആവശ്യമായ യോഗ്യതകളും പ്രവൃത്തി പരിചയവും സർക്കാർ അംഗീകരിച്ച പ്രകാരമായിരിക്കേണ്ടതാണ്.

(3എ) രജിസ്ട്രാറായി നിയമിക്കപ്പെട്ട ഒരാളിന് (3)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾക്ക് വിധേയമായി, ഒരു അധിക കാലയളവിലേയ്ക്ക് പുനർനിയമനത്തിന് അർഹതയുണ്ടായിരിക്കുന്നതാണ്.";

(ബി) 17-ാം വകുപ്പിൽ,—

(i) (1)-ാം ഉപവകുപ്പിലെ മൂന്നാമത്തെ വാക്യത്തിന് പകരം താഴെപ്പറയുന്ന വാക്യം ചേർക്കേണ്ടതാണ്, അതായത്:—

"ഫൈനാൻസ് ഓഫീസർ, അദ്ദേഹം ഉദ്യോഗത്തിൽ പ്രവേശിക്കുന്ന തീയതി മുതൽ നാല് വർഷക്കാലയളവിലേയ്ക്കോ അൻപത്തിയാറ് വയസ്സ് പൂർത്തിയാകുന്നതു വരെയോ, ഇവയിലേതാണോ ആദ്യം അതുവരെ, നിയമിക്കേണ്ടതാണ്.";

(ii) (1)-ാം ഉപവകുപ്പിനു ശേഷം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

(1 എ) ഫൈനാൻസ് ഓഫീസറായി നിയമിക്കപ്പെട്ട ഒരാളിന് (1)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾക്ക് വിധേയമായി, ഒരു അധിക കാലയളവിലേയ്ക്ക് പുനർനിയമനത്തിന് അർഹതയുണ്ടായിരിക്കുന്നതാണ്.";

(സി) 18-ാം വകുപ്പിൽ, (2)-ാം ഉപവകുപ്പിനു പകരം താഴെപ്പറയുന്ന ഉപവകുപ്പുകൾ ചേർക്കേണ്ടതാണ്, അതായത്:—

"(2) പരീക്ഷാ കൺട്രോളർ, അദ്ദേഹം ഉദ്യോഗത്തിൽ പ്രവേശിക്കുന്ന തീയതി മുതൽ നാല് വർഷക്കാലയളവിലേയ്ക്കോ അൻപത്തിയാറ് വയസ്സ് പൂർത്തിയാകുന്നതുവരെയോ, ഇവയിലേതാണോ ആദ്യം അതുവരെ, നിയമിക്കേണ്ടതാണ്. പരീക്ഷാ കൺട്രോളറായി തിരഞ്ഞെടുക്കപ്പെടുന്നതിന് ആവശ്യമായ യോഗ്യതകളും പ്രവൃത്തി പരിചയവും സർക്കാർ അംഗീകരിച്ച പ്രകാരമായിരിക്കേണ്ടതാണ്.

(2 എ) പരീക്ഷാ കൺട്രോളറായി നിയമിക്കപ്പെട്ട ഒരാളിന് (2)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾക്ക് വിധേയമായി, ഒരു അധികകാലയളവിലേയ്ക്ക് പുനർനിയമനത്തിന് അർഹതയുണ്ടായിരിക്കുന്നതാണ്.".

5. <u>നിലവിലുള്ള രജിസ്ട്രാർമാരെയും പരീക്ഷാ കൺട്രോളർമാരെയും ഫൈനാൻസ് ഓഫീസർമാരെയും സംബന്ധിച്ച പ്രത്യേക വ്യവസ്ഥ</u>—1986-ലെ കൊച്ചി ശാസ്ത്ര-സാങ്കേതിക ശാസ്ത്ര സർവ്വകലാശാല ആക്റ്റിലോ (1986-ലെ 31) 2013-ലെ തുഞ്ചത്ത് എഴുത്തച്ഛൻ മലയാള സർവ്വകലാശാല ആക്റ്റിലോ (2013-ലെ 24) 2015-ലെ എ. പി. ജെ. അബ്ദുൾ കലാം സാങ്കേതികശാസ്ത്ര സർവ്വകലാശാല ആക്റ്റിലോ (2015-ലെ 17) അവയ്ക്ക് കീഴിൽ ഉണ്ടാക്കിയിട്ടുള്ള സ്റ്റാറ്റ്യൂട്ടുകളിലോ ഓർഡിനൻസുകളിലോ റഗുലേഷനുകളിലോ

ഉത്തരവുകളിലോ ചട്ടങ്ങളിലോ എന്തുതന്നെ അടങ്ങിയിരുന്നാലും മുകളിൽ പറഞ്ഞ ആക്റ്റുകൾ പ്രകാരം രൂപീകരിച്ചിട്ടുള്ള സർവ്വകലാശാലകളിലെ നിലവിലുള്ള രജിസ്ട്രാർമാരോ പരീക്ഷാ കൺട്രോളർമാരോ ഫൈനാൻസ് ഓഫീസർമാരോ, അതതുസംഗതിപോലെ, അവരുടെ ഉദ്യോഗത്തിൽ നാല് വർഷക്കാലയളവോ അൻപത്തിയാറ് വയസ്സോ, അവയിലേതാണോ ആദ്യം, പൂർത്തിയാക്കിയിട്ടുള്ളിടത്ത് ഈ ആക്റ്റിന്റെ പ്രാബല്യ ത്തീയതിയിലും അന്ന് മുതൽക്കും അവരുടെ ഉദ്യോഗം ഒഴിഞ്ഞതായി കരുതപ്പെടേണ്ട താണ്. ഉദ്യോഗത്തിൽ നാല് വർഷക്കാലയളവോ അൻപത്തിയാറ് വയസ്സോ പൂർത്തിയാക്കിയിട്ടില്ലാത്ത രജിസ്ട്രാർമാരുടെയോ പരീക്ഷാ കൺട്രോളർമാരുടെയോ ഫൈനാൻസ് ഓഫീസർമാരുടെയോ സംഗതിയിൽ, അവർ നാല് വർഷക്കാലയളവോ അൻപത്തിയാറ് വയസ്സോ, അവയിൽ ഏതാണോ ആദ്യം അതുവരെ അവരുടെ ഉദ്യോഗത്തിൽ തുടരേണ്ടതാണ്. മറ്റ് വകുപ്പുകളിൽ നിന്ന് നിയമിക്കപ്പെട്ടതും അവരുടെ ഉദ്യോഗത്തിൽ നാല് വർഷക്കാലയളവ് അല്ലെങ്കിൽ അൻപത്തിയാറ് വയസ്സ് പൂർത്തിയാക്കിയിട്ടുള്ളതും ഈ ആക്റ്റിലെ വ്യവസ്ഥകൾ പ്രകാരം ഉദ്യോഗം ഒഴിഞ്ഞിട്ടുള്ളതുമായ രജിസ്ട്രാർമാരുടെയോ പരീക്ഷാ കൺട്രോളർമാരുടെയോ ഫൈനാൻസ് ഓഫീസർ മാരുടെയോ സംഗതിയിൽ അവരുടെ മാതൃവകുപ്പിൽ ബാധകമായിട്ടുള്ള സേവന വ്യവസ്ഥകൾ സംബന്ധിച്ച നിയമം ബാധകമാക്കേണ്ടതാണ്.

6. <u>റദ്ദാക്കലും ഒഴിവാക്കലും</u>.—(1) 2019-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (2-ാം നമ്പർ) ഓർഡിനൻസ് (2019-ലെ 35) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽത്തന്നെയും, പ്രസ്തുത ഓർഡിനൻസ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട 1986-ലെ കൊച്ചി ശാസ്ത്ര-സാങ്കേതിക ശാസ്ത്ര സർവ്വകലാശാല ആക്റ്റും (1986-ലെ 31) 2013-ലെ തുഞ്ചത്ത് എഴുത്തച്ഛൻ മലയാള സർവ്വകലാശാല ആക്റ്റും (2013-ലെ 24) 2015-ലെ എ. പി. ജെ. അബ്ദുൾ കലാം സാങ്കേതികശാസ്ത്ര സർവ്വകലാശാല ആക്റ്റും (2015-ലെ 17) പ്രകാരം ചെയ്തതോ ചെയ്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും കാര്യമോ എടുത്തതോ എടുത്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും നടപടിയോ ഈ ആക്റ്റ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട 1986-ലെ കൊച്ചി ശാസ്ത്ര-സാങ്കേതിക ശാസ്ത്ര സർവ്വകലാശാല ആക്റ്റും (1986-ലെ 31), 2013-ലെ തുഞ്ചത്ത് എഴുത്തച്ഛൻ മലയാള സർവ്വകലാശാല ആക്റ്റും (2013-ലെ 24) 2015-ലെ എ. പി. ജെ. അബ്ദുൾ കലാം സാങ്കേതികശാസ്ത്ര സർവ്വകലാശാല ആക്റ്റും (2015-ലെ 17) പ്രകാരം യഥാക്രമം ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതാണ്.

---